## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 723** — **10/02/2016-ൽ മറുപടിയ്ക്ക്**

### കൊതുക നശീകരണ സംവിധാനങ്ങൾ

ചോദ്യം
**ഡോ.കെ.ടി.ജലീൽ**

മറുപടി
**ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| എ) പകർച്ചവ്യാധികൾ നേരിടുന്നതിന്റെ ഭാഗമായി കൊതുക് ഉറവിട നശീകരണത്തിന് ഗൗരവപൂർവ്വമായ പദ്ധതികൾ നടത്തുന്നതിൽ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണ്; | എ) | കൊതുകിന്റെ ഉറവിട നശീകരണത്തിന് ആരോഗ്യവകുപ്പ് ഇതര വകുപ്പുകളുമായി ചേർന്ന് മഴക്കാലത്തിന് മുന്നോടിയായി പലതരത്തിലുള്ള കാംപെയിനുകൾ നടപ്പിലാക്കിയിരുന്നു. (ഉദാ. കൊതുകിന്റെ പ്രധാന ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും നീക്കം ചെയ്യുന്ന കാമ്പെയിൻ, ക്ലീൻ ഓഫീസ് ക്ലീൻ,പബ്ലിക് പ്ലേസ് കാമ്പെയിൻ തുടങ്ങിയവ) ഇതു കൂടാതെ ആഴ്ചതോറുമുള്ള ഡ്രൈഡേ ആചരണം, കൊതുക സർവ്വേ, പാരിസ്ഥിതിക നിയന്ത്രണം, ജൈവിക നിയന്ത്രണം തുടങ്ങിയവയും കൊതുകിന്റെ ഉറവിടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ സഹായകരമായി. എന്നാൽ ജനങ്ങളുടെ ശീലങ്ങളിൽ കാതലായ മാറ്റം വന്നാൽ മാത്രമേ കൊതുകിന്റെ ഉറവിടനശീകരണം പൂർണ്ണമാകൂ. അതിനു വേണ്ട ബോധവത്ക്കരണവും നിയമപരമായ പരിശോധനയും തുടർ നടപടികളും (സേഫ് കേരള) ആരോഗ്യവകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) കൊതുകുജന്യ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ ക്രിയാത്മകവും, | ബി) | കൊതുക് നിരീക്ഷണവും കൊതുക് നിയന്ത്രണവും ക്രിയാത്മകവും കാര്യക്ഷമവും ആക്കുന്നതിന് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു കർമ്മ പദ്ധതി എല്ലാ വർഷവും ആരോഗ്യവകുപ്പ് തയ്യാറാക്കി നടപ്പിലാക്കി |

| | | |
|---|---|---|
| വ്യാപകവുമായി സംഘടിപ്പിക്കേണ്ടത് സർക്കാരിന്റെ ബാധ്യതയല്ലേ; | | വരുന്നുണ്ട്. പ്രദേശിക പ്രശ്നങ്ങൾക്കും പ്രത്യേകതകൾക്കും യോജിച്ച വിധത്തിൽ ആണ് കർമ്മപദ്ധതി. ഇതിൽ മഴക്കാലത്തിന് മുന്നോടിയായുള്ള തയ്യാറെടുപ്പുകൾ, മഴക്കാല പൂർവ്വ ശുചീകരണം, ആലോചനാ യോഗങ്ങൾ, പരിശീലനം, ബോധവത്ക്കരണത്തിനും പ്രവർത്തനത്തിനുമായുള്ള കാമ്പെയിനുകൾ, ആരോഗ്യ സന്ദേശ യാത്ര, മലമ്പനി, ഡെങ്കിപ്പനി വിരുദ്ധ മാസാചരണം, സേഫ് കേരള പരിപാടിയനുസരിച്ചുള്ള പരിശോധനകൾ തുടങ്ങിയവയോടൊപ്പം ഐ.ഡി.എസ്.പി, എൻ.വി.ബി.ഡി.സി.പി പ്രോഗ്രാമുകൾ വഴിയുള്ള രോഗനിരീക്ഷണം, രോഗ നിയന്ത്രണം തുടങ്ങിയവയും നടപ്പിലാക്കിയിട്ടുണ്ട്. |
| സി) ഓരോ പ്രദേശത്തിനുമിണങ്ങുന്നതും, പാർശ്വഫലങ്ങൾ ഉണ്ടാകാത്തതുമായ ജൈവ കൊതുക നശീകരണ സംവിധാനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) | സംയോജിത കൊതുക നിയന്ത്രണത്തിന്റെ ഭാഗമായി മറ്റ് കൊതുക നിയന്ത്രണ മാർഗ്ഗങ്ങളോടൊപ്പം പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ചും കൊതുകുജന്യ രോഗം ഏതുതരം ആണെന്നതിനനുസരിച്ചും ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ ആരോഗ്യവകുപ്പ് നടത്തി വരുന്നു. ജില്ലകളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ സജ്ജീകരിച്ചിരിക്കുന്ന മിനിഹാച്ചറികളിൽ നിന്നോ പ്രാദേശിക ഉറവിടങ്ങളിൽ നിന്നോ മത്സ്യ വകുപ്പിൽ നിന്നോ ലഭ്യമാക്കുന്ന ഗപ്പി, ഗാമ്പൂസിയ തുടങ്ങിയ മത്സ്യങ്ങൾ ജലം കെട്ടി നിൽക്കുന്നിടത്ത് നിക്ഷേപിക്കുന്നുണ്ട്. കൂടാതെ ബാസിലസ് തുറിഞ്ചിയൻസിസ് ഇസ്രേലെൻസിസ് എന്ന ജൈവ കീടനാശിനി ഉപയോഗിച്ചും എല്ലാ ജില്ലകളിലും കൊതുക നിയന്ത്രണം നടത്തുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ